C2/81/2025-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം -ഐ.ടി.ഐ പ്രവേശന നടപടികളുടെ ഭാഗമായി 'പരസ്യവും പ്രചാരണവും' എന്ന പദ്ധതിയിലൂടെ വ്യാപക പരസ്യ പ്രചാരണങ്ങൾ നടത്തുന്നതിനായി 13,91,872/- രൂപ അനുവദിച്ച ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.714/2026/LBR തീയതി,തിരുവനന്തപുരം, 20-06-2026

---

പരാമർശം:-

1. ട്രെയിനിംഗ് ഡയറക്ടറുടെ 27.05.2025 ലെ ഡി.റ്റി/1374/2025-സി1 നമ്പർ നടപടിക്രമം
2. ട്രെയിനിംഗ് ഡയറക്ടറുടെ 12.06.2025 ലെ ഡി.റ്റി/1374/2025-സി1 Part (1) നമ്പർ നടപടിക്രമം
3. ട്രെയിനിംഗ് ഡയറക്ടറുടെ 18.06.2025 ലെ ഡി.റ്റി/1374/2025-സി1 Part (3) നമ്പർ നടപടിക്രമം
4. സ.ഉ.(സാധാ) നം.1294/2025/തൊഴിൽ തീയതി 03.11.2025
5. ട്രെയിനിംഗ് ഡയറക്ടറുടെ 16/03/2026 ലെ ഡി.റ്റി/1374/2025-സി1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2025 പരിശീലന വർഷത്തേക്കുള്ള ഐ.ടി.ഐ പ്രവേശന നടപടികളുടെ ഭാഗമായി ഓൺലൈൻ പോർട്ടൽ മുഖേനയുള്ള അഡ്മിഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 'പരസ്യവും പ്രചാരണവും' എന്ന പദ്ധതിയിലൂടെ ഐ.ടി.ഐ പ്രവേശന നടപടികളെ സംബന്ധിക്കുന്ന വിവരം പൊതുജനങ്ങളിലേക്കും, അതിലൂടെ അപേക്ഷകരിലേക്കും എത്തിക്കുന്നതിനായി വ്യാപക പരസ്യ പ്രചാരണങ്ങൾ നടത്തിയതിന് ആകെ 13,91,872/- രൂപയുടെ ഭരണാനുമതി 2230-03-101-68-Advertisement/Publicity Plan-2025-26 ശീർഷകത്തിൽ അനുവദിച്ച ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം ലഭ്യമാക്കണമെന്ന് പരാമർശം 4 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 2025-26 സാമ്പത്തിക വർഷ ബജറ്റിൽ ബന്ധപ്പെട്ട Advertisement/Publicity ശീർഷകത്തിൽ മതിയായ വകയിരുത്തൽ ഉണ്ടായിരുന്നതും, പരാമർശം 4 പ്രകാരം ഭരണാനുമതി അനുവദിച്ചിട്ടുള്ളതിനാലും, PRD നിശ്ചയിച്ച നിരക്കിലാണ് പ്രസ്തുത ചെലവ് നടത്തിയിട്ടുള്ളത് എന്നതിനാലും, സർക്കാരിന് അധിക സാമ്പത്തിക

ബാധ്യത ഉണ്ടായിട്ടില്ലെന്നതും കണക്കിലെടുത്ത് ഐ.ടി.ഐ പ്രവേശന നടപടികളെ സംബന്ധിക്കുന്ന വിവരം 'പരസ്യവും പ്രചാരണവും' എന്ന പദ്ധതിയിലൂടെ പൊതുജനങ്ങളിലേക്കും അതിലൂടെ അപേക്ഷകരിലേക്കും എത്തിക്കുന്നതിനായി വ്യാപക പരസ്യ പ്രചാരണങ്ങൾ നടത്തിയതിന് 13,91,872/- (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി എണ്ണൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) രൂപയുടെ ഭരണാനുമതി 2230-03-101-68-Advertisement/Publicity Plan 2025-26 ശീർഷകത്തിൽ അനുവദിച്ച ട്രെയിനിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ)
ധനകാര്യ വകുപ്പ് ( 06.06.2026 ലെ 3262881/LBR-2/228/2025-FIN പ്രകാരം)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 21-06-2026 10:43:36
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്